# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 06 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com


---

### മകര സംക്രമ പൂജ പുലർച്ചെ 2.9 ന്

ശബരിമലയിൽ ഇത്തവണ മകര സംക്രമ പൂജ നടക്കുന്നത് 15 ന് പുലർച്ചെ 2.9 ന് ആണ്.വ്യത്യസ്തകൾ നിറഞ്ഞതാണ് ഇത്തവണത്തെ മകര സംക്രമ പൂജ.പതിനാലിന് വൈകിട്ട് നടതുറന്നാൽ അന്ന് നട അടയ്ക്കില്ല. പകരം 15 ന് രണ്ടരയോടെ ഹരിവരാസനം പാടി അടയ്ക്കുന്ന തിരുനട നാല് മണിക്ക് വീണ്ടും തുറക്കും. സൂര്യൻ ദക്ഷിണായനത്തിൽ നിന്ന് ഉത്തരായനത്തിലേക്ക് പ്രവേശിക്കുന്നത് പതിനഞ്ചിന് പുലർച്ചെ രണ്ട് മണി ഒൻപത് മിനിറ്റിലാണ്.ഈ സമയത്താണ് മകരസംക്രമ പൂജ. ഒന്നര മണിക്കൂർ നട അടച്ചിടുന്ന സമയം ഒഴിവാക്കിയാൽ ജനുവരി 14 ന് രാത്രി മുഴുവൻ അയ്യപ്പ ദർശനം സാധ്യമാകുമെന്ന് തന്ത്രി കണ്ഠരര് മഹേഷ് മോഹനര് പറഞ്ഞു.

(പി.ആർ. ശബരി-301)

### പടികയറി വരുന്ന ഭക്തർക്ക് വൈദ്യസഹായവുമായി സഹാസ്

മലകയറി വരുന്ന അയ്യപ്പ ഭക്തരുടെ ആരോഗ്യ സംരക്ഷണത്തിനായി സഹാസിന്റെയും എസ്.ആർ.എം. സിംസ് ഹോസ്പിറ്റലിന്റെയും സംയുക്ത സംരംഭമായ ശബരിമല സോപാനം പ്രിവന്റീവ് ക്ലിനിക്ക് ഭക്തർക്ക് സഹായമാകുന്നു. മലകയറി എത്തുന്ന പ്രായമുള്ളവർക്കും, ശ്വാസകോശ, ഹൃദയ സംബന്ധമായ അസുഖം ഉള്ളവർക്കും,

രക്തസമ്മർദം, പ്രമേഹം തുടങ്ങിയ അസുഖങ്ങൾ ഉള്ളവർക്കും ആശ്വാസമാണ് സോപാനം പ്രിവന്റീവ് ക്ലിനിക്ക്. രോഗികളായ അയ്യപ്പഭക്തർക്ക് ഇവിടെ പ്രാഥമിക ചികിത്സ നൽകി ആശ്വാസമേകും. ചെറിയ മുറിവുകൾക്കുള്ള പ്രാഥമിക ചികിത്സയും സോപാനം ക്ലിനിക്കിൽ ലഭ്യമാണ്.

ചെന്നൈ എസ്.ആർ.എം. മെഡിക്കൽ കോളജ് എമർജൻസി മെഡിസിൻ സ് പെഷലിസ്റ്റ് ഡോക്ടറിന്റെ സേവനം നട തുറക്കുമ്പോൾ മുതൽ അടയ്ക്കുന്നത് വരെ സോപാനം ക്ലിനിക്കിൽ ലഭ്യമാണ്. പരിശീലനം നേടിയ ഒരു സ്റ്റാഫ് നഴ്സിന്റെയും ഒരു നഴ്സിംഗ് അസിസ്റ്റന്റിന്റെയും സേവനവും ലഭ്യമാണ്. ഹൃദയ സംബന്ധമായ അസുഖങ്ങൾക്ക് ഉപയോഗിക്കുന്ന ആധുനിക ഉപകരണമായ ഷോക്ക് ബോക്സ് എന്നറിയപ്പെടുന്ന എ. ഇ. ഡി. മെഷീനും സോപാനം ക്ലിനിക്കിൽ ഉണ്ട്. മലകയറി എത്തുന്ന അയ്യപ്പ ഭക്തർക്ക് ശ്വാസംമുട്ടലോ, ഹൃദയസംബന്ധമായ ബുദ്ധിമുട്ടോ അനുഭവപ്പെട്ടാൽ ഉടൻ സോപാനം ക്ലിനിക്കിന്റെ സേവനം പ്രയോജനപ്പെടുത്താവുന്ന താണെന്നും മണ്ഡലകാലം തുടങ്ങിയതിനു ശേഷം ഇതുവരെ 4130 പേരാണ് സോപാനം ക്ലിനിക്കിന്റെ സേവനം തേടിയതെന്നും സഹാസ് കാർഡിയോളജി സെന്റർ സെക്രട്ടറിയും ചീഫ് മെഡിക്കൽ ഓഫീസറുമായ ഡോക്ടർ ഒ. വാസുദേവൻ പറഞ്ഞു.

(പി.ആർ. ശബരി-302)

## നിശബ്ദ സേവനവുമായി എൻ ഡിആർ എഫ്

മകരവിളക്ക് മഹോത്സവത്തിന് ഉണ്ടാകുന്ന തിരക്ക് നിയന്ത്രിക്കുവാനും അപകടം ഒഴിവാക്കാനുമുള്ള എല്ലാ മുന്നൊരുക്കങ്ങളും പൂർത്തിയായിട്ടുണ്ടെന്ന് എൻഡിആർ എഫ് ഡെപ്യൂട്ടി കമാൻഡന്റ് ജി വിജയൻ പറഞ്ഞു. മകരവിളക്ക് ദർശനം കഴിഞ്ഞുള്ള മൂന്ന് മണിക്കൂർ ഏറെ നിർണായകമാണ്. വിവിധ വ്യൂ പോയന്റുകളിൽ മകരജ്യോതി ദർശിച്ച ഭക്തന്മാർ നേരെ എത്തുന്നത് ദർശനത്തിനായിട്ടാണ്. വിവിധ സ്ഥലങ്ങളിൽ നിന്ന് വടക്കേനടയിലേക്ക് ആളുകൾ വരുമ്പോൾ വലിയ തിരക്ക് അനുഭവപ്പെടുകയും ദുരന്ത സാധ്യത കൂടുകയും ചെയ്യും. ഈ അവസ്ഥ ഉണ്ടാവാതിരിക്കുവാൻ വിവിധ സ്ഥലങ്ങളിൽ ജ്യോതി ദർശിച്ച ഭക്തജനങ്ങളെ വിവിധ വഴികളിലൂടെ വ്യത്യസ്ഥ സമയങ്ങളിൽ എത്തിക്കുവാനുള്ള പദ്ധതി തയ്യാറായിക്കഴിഞ്ഞു എന്നും ഡെപ്യൂട്ടി കമാന്റന്റ് പറഞ്ഞു. ചെന്നൈ ആരക്കോണം നാലാം ബെറ്റാലിയൻ ടീമാണ് സന്നിധാന ത്ത് വിവിധ സേനകളുമായി സഹകരിച്ച് സുരക്ഷയൊരുക്കുന്നത്. 61 പേരാണ് സന്നിധാനത്ത് സുരക്ഷയ്ക്കായി പ്രവർത്തിക്കുന്നത്.

(പി.ആർ. ശബരി-303)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.